(സി) ഈ രേഖകൾ പി. എസ്. സി. നൽകിയോ; ഇല്ലാത്തപക്ഷം എന്തടിസ്ഥാനത്തിലാണ് അവ നൽകാതിരുന്നത്;

(ഡി) ഈ രേഖകൾ നൽകാതിരുന്നതിനെപ്പറ്റി ക്രൈംബ്രാഞ്ച് വയനാട് സി. ജെ. എം.-ന്റെ കോടതിയിൽ നൽകിയിരുന്ന കേസിൻമേൽ കോടതി ഉത്തരവെന്തായിരുന്നു?

ഉത്തരം

(എ—ഡി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

സംവരണം–റൊട്ടേഷൻ മാനദണ്ഡങ്ങൾ

28 [28] ശ്രീ. ടി. പി. എം. സാഹിർ:

,, കളത്തിൽ അബ്ദുള്ള:

,, സി. മോയിൻകുട്ടി:

,, കെ. എൻ. എ. ഖാദർ:

.. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ നിയമനങ്ങൾക്ക് കെ. എസ്. എസ്. ആറിൽ നിലവിലുള്ള റൊട്ടേഷൻ മാനദണ്ഡം ഇരുപത് യൂണിറ്റ് എന്നുള്ളത് നൂറാക്കി മാറ്റിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നൂറാക്കുന്നതിന് ചട്ടം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുള്ള സംവരണ റൊട്ടേഷൻപ്രകാരം ഇരുപത് ഒഴിവുകളിൽ പിന്നോക്കക്കാർക്ക് മൊത്തം എത്ര തസ്തികകളിൽ നിയമനം ലഭിക്കും;

(ഡി) അതിൽ ഈഴവർക്ക് എത്ര;

(ഇ) അഞ്ച് ഒഴിവുകളുള്ള തസ്തികകളിൽ റിസർവേഷൻ വഴി മുസ്ലീം സമുദായത്തിന് നിയമനം ലഭിക്കുമോ;

(എഫ്) ഇതേ സാഹചര്യത്തിൽ ഈഴവ സമുദായംഗങ്ങൾക്ക് റിസർവേഷൻ ഇനത്തിൽ നിയമനം ലഭിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

(സി—എഫ്) കെ. എസ്. ആന്റ് എസ്. എസ്. ആറിലെ 14 മുതൽ 17 വരെ ചട്ടങ്ങളിൽ സംവരണം സംബന്ധിച്ചും റൊട്ടേഷൻ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ചട്ടങ്ങളുടെ പ്രസക്തഭാഗം അനുബന്ധമായി വച്ചിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly